# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 180 . 05.03.2012 - ലെ മറുപടിക്ക്

## പി.എസ്.സി. നിയമനങ്ങളിൽ പ്ലസ്-ടു അടിസ്ഥാന യോഗ്യത

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. സി. മമ്മൂട്ടി | ശ്രീ. ഉമ്മൻ ചാണ്ടി<br>(ബഹു. മുഖ്യമന്ത്രി) |
| (എ) പത്താം ക്ലാസ്സ് വിജയം അടിസ്ഥാന യോഗ്യത നിശ്ചയിച്ചിട്ടുള്ള എൽ.ഡി. ക്ലാർക്ക് തുടങ്ങിയ ഏതൊക്കെ തസ്തികയിലുള്ള നിയമനങ്ങൾക്കാണ് ഇപ്പോൾ പ്ലസ്-ടു വിദ്യാഭ്യാസ യോഗ്യത വേണമെന്ന് പി.എസ്.സി. നിശ്ചയിച്ചിട്ടുള്ളത്; | (എ) എൽ.ഡി.ക്ലാർക്ക്, എൽ.ഡി.ടൈപ്പിസ്റ്റ്, ടൈപ്പിസ്റ്റ് ഗ്രേഡ് II, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II, ടൈപ്പിസ്റ്റ്-ക്ലാർക്ക്, ക്ലാർക്ക് - ടൈപ്പിസ്റ്റ് എന്നീ തസ്തികകളുടെ അടിസ്ഥാന യോഗ്യത പ്ലസ് ടു ആക്കി ഉയർത്തി നിശ്ചയിച്ച് 01.07.2011 - ലെ ജി.ഒ. (പി) നം. 21 / 2011/പി. ആന്റ്. എ. ആർ. ഡി പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത ഉത്തരവ് നിലവിൽ വന്നതോടെ സാമൂഹ്യപരമായും, വിദ്യാഭ്യാസ പരമായും ഏറ്റവും പിന്നിലുള്ള ദുർബ്ബല വിഭാഗങ്ങളായ മത്സ്യത്തൊഴിലാളികൾ, മലയോരമേഖലയിലെ ആദിവാസി സമൂഹം ഉൾപ്പെടെയുള്ള പട്ടികജാതി-പട്ടിക വർഗ്ഗ വിഭാഗക്കാർ തുടങ്ങി പിന്നോക്ക സമുദായാംഗങ്ങൾ ഉൾപ്പെടെയുള്ള ഉദ്യോഗാർത്ഥികൾക്ക് അർഹമായ തൊഴിൽ അവസരങ്ങൾ നഷ്ടപ്പെടുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) ഉണ്ടെങ്കിൽ അതു പരിഹരിക്കുന്നതിനായി വിദ്യാഭ്യാസയോഗ്യത സംബന്ധിച്ച ഉത്തരവ് പുനഃപരിശോധിക്കുമോ ; ഇല്ലെങ്കിൽ ഈ പ്രശ്നം പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ? | (സി) പ്രസ്തുത ഉത്തരവ്പുനഃപരിശോധിക്കുന്ന കാര്യം പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ